**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **02-02-2023 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികൾ ആധുനികവത്കരിക്കുന്നതിനും ഇത്തരം യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) | കശുവണ്ടി വ്യവസായ മേഖലയിൽ സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവയ്ക്ക് കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ ആധുനികവത്ക്കരിക്കുന്നതിന് വർഷാവർഷം പദ്ധതി വിഹിതമായി തുക ഉൾപ്പെടുത്തുകയും അടിസ്ഥാന സൗകര്യ വികസനം, ആധുനികവത്ക്കരണം, ഭാഗിക യന്ത്ര വത്ക്കരണം എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, ഡ്രെസ്സിംഗ് റൂം, വായനാ മുറി, ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനേറ്ററുകൾ ഘടിപ്പിച്ച ടോയ്‌ലെറ്റ് ബ്ലോക്കുകൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാൻ, സി.സി.റ്റി.വി സർവൈലൻസ് ക്യാമറകൾ, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപുര എന്നിവ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ നടപ്പിലാക്കിയിട്ടുണ്ട്. കാപ്പക്സിന്റെ 4 ഫാക്ടറികളിൽ 2022-23 വർഷം പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ, പായ്ക്കിംഗ് സെന്ററിൽ പായ്ക്കിംഗ് മെഷീൻ, റോസ്റ്റിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സ്വകാര്യ മേഖലയിലെ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്ന തിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി **ഒറ്റത്തവണ തീർപ്പാക്കൽ ഫോർമുല രൂപീകരിക്കുന്നതിന് ബാങ്ക് പ്രതിനിധി, കശുവണ്ടി വ്യവസായ പ്രതിനിധി,** |

സർക്കാർ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ബാങ്കുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ മാർഗ്ഗനിർദ്ദേശങ്ങൾക്കും നിയമാവലിയ്ക്കും വിധേയമായാണ് പ്രവർത്തിക്കുന്നതെങ്കിലും സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റേയും തുടർച്ചയായ ചർച്ചകളുടേയും ഫലമായി One Time Settlement (OTS) സംബന്ധിച്ച് ഒരു ധാരണയിൽ എത്താൻ സാധിക്കുകയും OTS Scheme പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. കോവിഡ് മഹാമാരി സൃഷ്ടിച്ച മാന്ദ്യത്തിൽ നിന്നും സാമ്പത്തിക രംഗം പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി ദീർഘിപ്പിക്കണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 31.12.2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ 25.01.2023 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും 2022-23 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി മാനേജ്മെന്റ്-അക്കാദമിക രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി കശുവണ്ടി വ്യവസായ മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ, കശുവണ്ടി ഫാക്ടറി ഉടമകൾ, ബാങ്ക് പ്രതിനിധികൾ, പൊതുമേഖലാ സ്ഥാപന പ്രതിനിധികൾ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും കശുവണ്ടി മേഖലയ്ക്ക് അടിയന്തര

| | | | |
|---|---|---|---|
| | | | **ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രഖ്യാപിച്ച 30 കോടി രൂപ വിനിയോഗിച്ച് നിലവിൽ പ്രവർത്തനക്ഷമമായ സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകൾക്കായി ചുവടെ പറയുന്ന 3 ഹ്രസ്വകാല പദ്ധതികൾ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.**<br><br>1. പ്രവർത്തനബന്ധിത ഉത്തേജക പരിപാടി (Continued Operation linked stimulous Programme)<br><br>2. സ്ത്രീ സൗഹൃദ ഭൗതിക സാഹചര്യം സൃഷ്ടിക്കൽ/ നവീകരണം (Women friendly physical infracreation/Upgradation).<br><br>3. ഷെല്ലിംഗ് യൂണിറ്റുകളുടെ ആധുനീകരണവും നവീകരണവും (Modernization/Upgradation of Shelling Units)<br><br>**കോവിഡാനന്തരം സ്വകാര്യ കശുവണ്ടി വ്യവസായ മേഖല പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഈ പദ്ധതികൾ സഹായമാകുന്നതാണ്.** |
| (ബി) | പ്രസ്തുത യൂണിറ്റുകൾക്ക് വേണ്ടി എത്ര തുകയാണ് 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ആധുനികവൽക്കരണത്തിന് 5.50 കോടി രൂപയും ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 3 കോടി രൂപ ആധുനിക വൽക്കരണത്തിനും 50 ലക്ഷം രൂപ ബ്രാൻഡ് ബിൽഡിംഗിനും റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.<br><br>കാപ്പക്സിന് 2022-23 സാമ്പത്തിക വർഷത്തിൽ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്ര വത്ക്കരണത്തിനുമായി 350 ലക്ഷം രൂപയും ബ്രാൻഡ് ബിൽഡിംഗിന് 50 ലക്ഷം രൂപയും പദ്ധതി തുക വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 200 ലക്ഷം രൂപ ആധുനികവൽക്കരണത്തിനും 50 ലക്ഷം രൂപ ബ്രാൻഡ് ബിൽഡിംഗിനും നൽകിയിട്ടുണ്ട്.<br><br>കൂടാതെ **കോവിഡ് മൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക്** |

| | | | |
|---|---|---|---|
| | | | **പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപയും കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന തിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല.** |

സെക്ഷൻ ഓഫീസർ